## 544

ഭാഗ്യമിതു പ്രാണസഖേ! ഭാഗ്യമിതു
ഭാഗ്യനിധിയാം പരമൻ സഭയ്ക്കരുളിയ-ഭാഗ്യമിതു

1 പരമുരുജഡശക്തരില്ല പ്രാപ്തി തോന്നും യോഗ്യരില്ല
പാർക്കിൽ കുലശ്രേഷ്ഠരല്ല പരിചോടിതുതാനെനിക്കു മതിയാം

2 തരമെഴുമലങ്കാരമില്ല സ്ഥാനമാനക്ഷോഭമില്ല
പരനോടെതിർക്കാനേനമില്ല പരിഭവിക്കിലൊ ക്ഷമിക്ക മാത്രമാം

3 ചിലനാളിവിടെ വലയുന്നാകിൽ ചലിയാതുള്ളീശനിലയം പൂകാം
കുലബലം കുറഞ്ഞിരിക്കിലുമതു വിലയായ് വന്നിടാ പരമൻ സന്നിധൗ

4 ജഡികാലംകൃതിയില്ലയെങ്കിൽ ഫലമൊരു ദോഷം വരുവാനെന്ത്
ജഡമെല്ലാം മണ്ണിൻ പൊടിയല്ലയോ?
പൊടിക്കീശൻ ഭംഗി കൊടുത്തതു മതി-

5 കളിഘോഷങ്ങളിൽ രസിപ്പോരല്ല കർത്തൃഭാവം ധരിപ്പോരല്ല
ബഹുജന സ്തുതിക്കൊതിയരല്ല പരനെനിക്കു കീഴ്പെടണമെന്നില്ല

6 പൊതുഗുണഭേദമോർക്കാറില്ല പൊന്നിലാശ വയ്പാറില്ല
മതവൈരാഗ്യത്തിൻ പീഡയില്ല ഗുണമേ-
വർക്കുമിന്നൊരുപോൽ ചെയ്തിടാം-

7 പരജനപാരമ്പര്യമല്ല തിരുവെഴുത്തുകൾ താനാധാരം
കുറവെല്ലാം തീർക്കാനതുമതിയല്ലാതഖിലം സംശയവിഷയമാം പാർത്താൽ

8 മനുജഭുജങ്ങളുയരാനെന്തു? മനുവേലൻ കൃപാവരം തന്നില്ലേ?
മനമുണ്ടെങ്കിലിന്നതു മതി സഖേ പണത്താൽ ദൈവാത്മവരം ലഭിച്ചിടാ

9 പലകുറവുകളിൽ നിന്നു പരിചിൽ നീങ്ങി വരും തൻസഭ
പരസുതന്റെ വരവിൻകാലം പരമൻ തങ്കലേക്കെടുക്കപ്പെടുമേ-

10 പരനിൻ സവിധം തേടിയോടി വരും വിശ്വാസികളാകെക്കൂടി
പരമജീവകിരീടം ചൂടി വരുംനാളൊന്നു ഞാനറിയുന്നേൻ മഹാ

11 ഇവിടെയേറ്റം ദു:ഖിച്ചീടിലവിടെയധികമാശ്വസിക്കാം
നവമാം വാനഭൂമികൾക്കുള്ളവികലമായൊരവകാശം നേടാം-

**K.V.S**